# പണ്ഡിതന്മാരുടെ കാര്യത്തിൽ അതിരുകവിയാതിരിക്കുക

അല്ലാമാ ഡോ. സ്വാലിഹ് ബ്നു ഫൗസാൻ അൽ ഫൗസാൻ

ഉലമാക്കളോടും സ്വാലിഹീങ്ങളോടും സ്വീകരിക്കുന്ന അതിരുകവിഞ്ഞ നിലപാട് അഥവാ ഗുലുവ്വ്, അല്ലാഹു പറഞ്ഞതു പോലെ, മതത്തിൽ അതിരുവിടുന്നതു തന്നെയാണ്. അല്ലാഹു പറഞ്ഞു:

يَا أَهْلَ الْكِتَابِ لاَ تَغْلُواْ فِي دِينِكُمْ وَلاَ تَقُولُواْ عَلَى اللّهِ إِلاَّ الْحَقِّ (النساء : 171)

''വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്.'' (നിസാഅ്; 171)

വളരെ ഗൗരവമർഹിക്കുന്നതാണ് ഈ വിഷയം. ഭാഷാർഥത്തിൽ ഗുലുവ്വ് എന്നാൽ പരിധിയിലധികം ആവുക എന്നാണ്. ചട്ടിയിലെ വെള്ളം തിളച്ചുയർന്നാൽ غلا القدر എന്ന് പറയാറുണ്ട്. ഒരു സാധനത്തിന്റെ വില അറിയപ്പെട്ട പരിധി വിട്ടുയർന്നാൽ غلا السعر എന്നും പറയാറുണ്ട്. അഥവാ, അതിരു കടന്ന ഉയർച്ചയും ആധിക്യവുമാണ് ഗുലുവ്വ് എന്നത് കൊണ്ടുള്ള ഉദ്ദേശ്യം.

അതേസമയം, മതത്തിന്റെ സാങ്കേതികാർഥത്തിൽ ഗുലുവ്വ് എന്നാൽ ഒരു വ്യക്തിയെ അവന്നർഹമായ സ്ഥാനത്തിന്നും മുകളിൽ അവരോധിക്കുന്നതിൽ അതിരുവിടുക എന്നതാണ്. അമ്പിയാക്കന്മാരുടേയും സ്വാലിഹീങ്ങളുടേയും അവകാശത്തിൽ അതിരുവിടുക, റുബൂബിയ്യത്തിന്റേയൊ, ഉലൂഹിയ്യത്തിന്റേയൊ സ്ഥാനത്തേക്ക് അവരെ ഉയർത്തിവെക്കുക തുടങ്ങിയ സംഗതികൾ ഉദാഹരണം.

ജാഹിലീ ജനത അവരിലെ ചില വ്യക്തികളുടെ കാര്യത്തിൽ അതിരു കടന്നതായി കാണാനാകും. അവർക്കർഹമായ പദവിക്കുമപ്പുറം അവരാ വ്യക്തികളെ അവരോധിച്ചു. അല്ലാഹുവിനോടൊപ്പം ആ മനുഷ്യരെ അവർ റബ്ബുകളാക്കുക പോലുമുണ്ടായി. മഹാനായ ഉസൈറി(അ)ന്റ കാര്യത്തിൽ ജൂതന്മാരും അതിരുകവിഞ്ഞ നിലപാടിലായിരുന്നു. ഉസൈർ അല്ലാഹുവിന്റെ മകനാകുന്നൂ എന്നായിരുന്നു അവരുടെ വാദം. കൃസ്ത്യാനികളുടെ കാര്യവും തഥൈവ. മർയമിന്റെ പുത്രൻ ഈസ നബി (അ)യെ, മനുഷ്യൻ, പ്രവാചകൻ എന്നതിനപ്പുറം, ദിവ്യത്വപദവിയിൽ അവർ പ്രതിഷ്ഠിച്ചു. അവരും പറഞ്ഞു; ഈസ അല്ലാഹുവിന്റെ പുത്രനാണ് എന്ന്. നൂഹ് നബി(അ)യുടെ ചരിത്രമറിയാം. അദ്ദേഹത്തിന്റെ ജനത തങ്ങളിലെ സ്വാലിഹീങ്ങളുടെ കാര്യത്തിൽ അതിരുവിട്ടപ്പോഴാണ്, അവരുടെ ചിത്രങ്ങളും രൂപങ്ങളുമുണ്ടാക്കാൻ ആരംഭിച്ചത്. ക്രമേണ, അല്ലാഹുവിനു പുറമെ ആ സ്വലിഹീങ്ങളേയും ആരാധിക്കുന്ന അവസ്ഥയിലേക്ക് അവർ ചെന്നെത്തി. അവരെയവർ ഉലൂഹത്തിന്റെ പദവിയിലേക്ക് ഉയർത്തിവെക്കുകയുണ്ടായി. ഖുർആൻ അവരുടെ നിലപാട് വിശദീകരിക്കുന്നതു കാണുക:

وَقَالُوا لا تَذَرُنَّ آلِهَتَكُمْ وَلا تَذَرُنَّ وَدًّا وَلا سُوَاعًا وَلا يَغُوثَ وَيَعُوقَ وَنَسْرًا. (نوح : 23)

''അവർ പറഞ്ഞു: (ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്. (നൂഹ്; 23) അതെ, നൂഹി(അ)ന്റെ ജനത അവരെ ഇലാഹുകളാക്കുകയായിരുന്നു.'' (നൂഹ്; 23)

ലോകത്തുള്ള എന്നത്തേയും ബഹുദൈവാരാധകരുടെ അവസ്ഥയും ഇതേ നിലവാരത്തിലുള്ളതാണ്. സ്വാലീഹിങ്ങളെ അവർ അതിരുകവിഞ്ഞ് ആദരിക്കുന്നു. അവരുടെ കബറുകൾ ത്വവാഫു ചെയ്യുന്നു, അവർക്കുവേണ്ടി ബലിയറുക്കുന്നു, അവരുടെ പേരിൽ നേർച്ചകൾ നേരുന്നു, മരണപ്പെട്ടവരോട് സഹായാർഥന നടത്തുകയും, ഗുണങ്ങൾക്കു വേണ്ടി തേടുകയും, ആഗ്രഹ സഫലീകരണത്തിനു വേണ്ടി അഭ്യർഥിക്കുകയും ചെയ്യുന്നു.

വ്യക്തികളോടുള്ള അതിരുകവിയൽ അതിന്റെ ആളുകളെ ശിർക്കിലേക്കാപതിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് നബി(സ്വ) ഇങ്ങനെ പറഞ്ഞത്: ''മർയമിന്റെ പുത്രനെ നസ്റാണികൾ പുകഴ്ത്തിയതു പോലെ നിങ്ങളെന്നെ പരിധിവിട്ട് പുകഴ്ത്തരുത്, ഞാൻ ഒരു അടിമയാണ്. അല്ലാഹുവിന്റെ അടിമ, അവന്റെ ദൂതൻ എന്നേ (എന്നെപ്പറ്റി) നിങ്ങൾ പറയാവൂ.'' (ബുഖാരി, 3445)

അഹ്ലുൽകിതാബിൽപ്പെട്ടവരാകട്ടെ മറ്റുള്ളവരാകട്ടെ, അവരെയൊക്കെ ശിർക്കിലകപ്പെടുത്തിയത് അമ്പിയാക്കളോടും സ്വാലീഹിങ്ങളോടുമുള്ള അവരുടെ അതിരുവിട്ട ആദരവാണെന്ന് നാം മനസ്സിലാക്കി. ആകയാൽ, ഓരോ വ്യക്തികയേയും അവരവരുടെ നിലക്കനുയോജ്യമായ പദവിയിൽ ഒതുക്കി ഉൾക്കൊള്ളുകയാണ് നാം ചെയ്യേണ്ടത്. അമ്പിയാക്കൻമാർ അവരുടെ പ്രവാചകത്വം കൊണ്ടാണ്

ഉന്നതന്മാർ, സ്വാലിഹീങ്ങൾ അവരുടെ സൽകർമ്മങ്ങൾ കൊണ്ടാണ് ഉൽകൃഷ്ടർ. ഉലമാക്കളാകട്ടെ അവരുടെ വിജ്ഞാനം കൊണ്ടാണ് മഹാന്മാരായിത്തീരുന്നത്. ആരാധനാമഗ്നനായ ഒരാളേക്കാൾ ആലിമിന്നുള്ള ശ്രേഷ്ഠത, ആകാശത്തിലെ താരകങ്ങളേക്കാൾ ചന്ദ്രികക്കുള്ള ശ്രേഷ്ഠത പോലെയാണ്. അതു കൊണ്ടു തന്നെ ഓരോരുത്തരേയും നാം അവരവരുടെ പദവികളിൽ തന്നെ പ്രതിഷ്ഠിക്കണം. അവരുടെ പദവിക്കപ്പുറം ഒരാളേയും നാം അവരോധിച്ചുകൂടാ. വേദക്കാരോടായി അല്ലാഹു പറഞ്ഞു:

يَا أَهْلَ الْكِتَابِ لاَ تَغْلُواْ فِي دِينِكُمْ وَلاَ تَقُولُواْ عَلَى اللّهِ إِلاَّ الْحَقِّ إِنَّمَا الْمَسِيحُ عِيسَى ابْنُ مَرْيَمَ رَسُولُ اللّهِ وَكَلِمَتُهُ أَلْقَاهَا إِلَى مَرْيَمَ وَرُوحٌ مِّنْهُ فَآمِنُواْ بِاللّهِ وَرُسُلِهِ وَلاَ تَقُولُواْ ثَلاَثَةٌ (النساء : 171)

''വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്.'' (നിസാഅ്: 171)

قُلْ يَا أَهْلَ الْكِتَابِ لاَ تَغْلُواْ فِي دِينِكُمْ غَيْرَ الْحَقِّ وَلاَ تَتَّبِعُواْ أَهْوَاء قَوْمٍ قَدْ ضَلُّواْ مِن قَ بْلُ وَأَضَلُّواْ كَثِيرًا وَضَلُّواْ عَن سَوَاء السَّبِيلِ

(المائدة:77)

പറയുക: വേദക്കാരേ, സത്യത്തിനെതിരായിക്കൊണ്ട് നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പേപിഴച്ച് പോകുകയും, ധാരാളം പേരെ വഴിപിഴപ്പിക്കുകയും നേർമാർഗത്തിൽ നിന്ന് തെറ്റിപ്പോകുകയും ചെയ്ത ഒരു ജനവിഭാഗത്തിന്റെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്. (മാഇദ: 77)

ഒരു പ്രവാചക വചനം വായിക്കുക:

إياكم والغلو في الدين، فإنما أهلك من كان قبلكم الغلو في الدين (أخرجه النسائي وابن ماجه، وصححه الألباني في صحيح الجامع)

നബി(സ്വ) അരുളി: ''നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരുകവിയുന്നതിനെ സൂക്ഷിക്കുക, നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവരെ നശിപ്പിച്ചു കളഞ്ഞത് മതകാര്യത്തിലുള്ള അവരുടെ അതിരുകവിയലാണ്.'' (നസാഈ, ഇബ്നു മാജ, അൽബാനി സ്വഹീഹെന്ന് പ്രസ്താവിച്ചത് - സ്വഹീഹുൽ ജാമിഅ്)

ചുരുക്കത്തിൽ, സൃഷ്ടികളുടെ കാര്യത്തിലും അതിരുകവിയുന്നത് അനുവദനീയമല്ല. അല്ലാഹു ഏത് സ്ഥാനത്താണൊ അവരെ സ്ഥാപിച്ചിരിക്കുന്നത് അതിന്ന് മുകളിലായി അവരെ അവരോധിക്കുന്നതും ആശാസ്യമല്ല. അല്ലാഹുവിൽ പങ്കുചേർക്കുന്നതിലേക്കാണ് ആ പ്രവണത കൊണ്ടെത്തിക്കുക. ഉലമാക്കളുടെ കാര്യത്തിലാകട്ടെ മറ്റേതൊരു അടിയാന്റെ കാര്യത്തിലാകട്ടെ ഗുലുവ്വ് അപരാധമാണ്. പണ്ഡിതന്മാരോടും, പുരോഹിതന്മാരോടുമുള്ള ജൂത ക്രൈസ്തവരുടെ അതിരുവിട്ട നിലപാടുകളെ അല്ലാഹു വിശദീകരിച്ചത് കാണുക:

اتَّخَذُواْ أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِّن دُونِ اللّهِ (التوبة : 31)

''അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ റബ്ബുകളായി സ്വീകരിച്ചു.'' (തൗബ; 31)

ദീനിൽ ഹറാമിനെ ഹലാലാക്കാനും ഹലാലിനെ ഹറാമാക്കാനും, ദൈവിക നിയമങ്ങളെ മാറ്റിമറിക്കാനും തങ്ങളുടെ പണ്ഡിത പുരോഹിതന്മാർക്ക് അർഹതയുണ്ട് എന്ന അപകടകരമായ വിശ്വാസത്തിലേക്കാണ് അതിരു കവിയൽ അവരെ കൊണ്ടെത്തിച്ചത്.

---

അല്ലാമാ ഡോ. സ്വാലിഹ് ബ്നു ഫൗസാൻ അൽ ഫൗസാനിന്റെ

من مسائل الجاهلية : الغلو بأهل العلم والصلاح

എന്ന ലേഖനം

വിവ. കബീർ എം. പറളി